**തടി വിൽപ്പന - പുനർ ദർഘാസ് നോട്ടീസ്**

കേരള സർവകലാശാലയുടെ സെനറ്റ് ഹൗസ് ക്യാമ്പസ്സിലെ സെല്ലാറിൽ സൂക്ഷിച്ചിരിക്കുന്ന തേക്ക്, ആഞ്ഞിലി, മുതലായ തടികൾ വിലയ്ക്കെടുക്കാൻ താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നു.

വെള്ള പേപ്പറിൽ തയ്യാറാക്കിയ ദർഘാസ് അപേക്ഷയോടൊപ്പം അപേക്ഷകന്റെ പേരും മേൽവിലാസവും ജി.എസ്.ടി. നമ്പറും (രജിസ്ട്രേഷൻ ഉണ്ടെങ്കിൽ മാത്രം) ഫോൺ നമ്പറും രേഖപ്പെടുത്തി തിരിച്ചറിയൽ രേഖയുടെ പകർപ്പും ഇ. എം. ഡി. തുകയായ 50,000/- രൂപയുടെ ഡി.ഡി. (ഫിനാൻസ് ഓഫീസറുടെ പേരിൽ എസ്. ബി. ഐ. കെ. യു. ഓ. സി. ബ്രാഞ്ചിൽ മാറാവുന്നത്) നിരത ദ്രവ്യമായി അടക്കം ചെയ്ത് മുദ്ര വച്ച കവറിൽ ദർഘാസുകൾ സമർപ്പിക്കേണ്ടതാണ്. കവറിനു മുകളിലായി "സെല്ലാറിൽ സൂക്ഷിച്ചിരിക്കുന്ന തടികൾ വിലയ്ക്കെടുക്കുന്നതിനുള്ള ദർഘാസ് അപേക്ഷ" എന്ന് രേഖപ്പെടുത്തിയിരിക്കണം. ടി ക്വട്ടേഷനുകൾ 2023 ജനുവരി മാസം 9 ാം തീയതി 5.00 p.m. മണിക്ക് മുൻപായി ലഭിക്കത്തക്ക വിധത്തിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ രജിസ്ട്രാർ, കേരള സർവകലാശാല, തിരുവനന്തപുരം - 695034 എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

വൈകിക്കിട്ടുന്നതും നിരത ദ്രവ്യം ഉള്ളടക്കം ചെയ്യാത്തതും അപൂർണ്ണവുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

പ്രസ്തുത തടികളുടെ വിവരങ്ങൾ നേരിട്ട് അറിയുന്നതിനും അവ നേരിൽ കാണുന്നതിനും കേരള സർവകലാശാല ആസ്ഥാനമന്ദിരം രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ദർഘാസ് ലഭിച്ച വ്യക്തി/സ്ഥാപനം മുഴുവൻ തുകയും ഉൾപ്പെടെ ഭരണാനുമതിക്കു വിധേയമായി 3 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഒടുക്കി രസീത് ഹാജരാക്കേണ്ടതും 5 ദിവസങ്ങൾക്കുള്ളിൽ വസ്തുക്കൾ സെല്ലാറിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

ഒപ്പ്/-

22.12.2022

**രജിസ്ട്രാർ (ഇൻ ചാർജ്)**